ഉത്തരം

(എ) 5.8.2003 മുതൽ ലേ ഓഫ് ചെയ്തിരിക്കുകയാണ്.

(ബി) നിയമാനുസൃതമായ ലേ ഓഫ് വേതനം 2004 മേയ് മാസം വരെ കൊടുത്തിട്ടുണ്ട്. 2004 ജൂൺ മാസം ഉൾപ്പെടെ 13 മാസത്തെ ലേ ഓഫ് വേതനം കുടിശ്ശികയായുണ്ട്. ഇതിൽ 2 മാസത്തെ വേതനവും ജൂൺ 2005 വരെയുള്ള ഇ.എസ്.ഐ. കുടിശ്ശികയും 2005 ജൂൺ മാസം നൽകിയിട്ടുണ്ട്.

(സി) നടപടി സ്വീകരിച്ചു വരുന്നു.

(ഡി) സ്ഥാപനത്തിൽ ഇപ്പോൾ 114 ജീവനക്കാരുണ്ട്. ഇതിൽ പ്രവർത്തനക്ഷമമാകുന്ന മുറയ്ക്ക് ഇവർക്ക് തൊഴിൽ നൽകാൻ സാധിക്കും.

അനാഥാലയങ്ങളുടെ പ്രവർത്തനം

25 [2894] ശ്രീ. എം. എ. വാഹിദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമൂഹ്യക്ഷേമ വകുപ്പിന്റെ കീഴിൽ ഇപ്പോൾ സംസ്ഥാനത്ത് എത്ര അനാഥാലയങ്ങൾ പ്രവർത്തിക്കുന്നുണ്ട്; ഓരോ അനാഥാലയത്തിന്റേയും ചുമതല ഏത് ഉദ്യോഗസ്ഥനിലാണ് നിക്ഷിപ്തമായിട്ടുള്ളത്;

(ബി) ഇത്തരം അനാഥാലയങ്ങളിൽ അധിവസിക്കുന്ന അന്തേവാസികളുടെ ദൈനംദിന പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനായി എന്ത് സംവിധാനമാണ് നിലവിലുള്ളത്;

(സി) ഇത്തരം അനാഥാലയങ്ങളുടെ നടത്തിപ്പ് സംബന്ധിച്ച് സർക്കാരിന് എന്തെങ്കിലും പരാതി ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏത് അനാഥാലയത്തെക്കുറിച്ചാണ് പരാതി ലഭിച്ചതെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ, ബി) സാമൂഹ്യക്ഷേമ വകുപ്പിന്റെ നേരിട്ടുള്ള നിയന്ത്രണത്തിൽ അനാഥാലയങ്ങൾ പ്രവർത്തിക്കുന്നില്ല. ഓർഫനേജ് കൺട്രോൾ ബോർഡ് അംഗീകാരം നൽകിയിട്ടുള്ളതും സർക്കാർ ഗ്രാന്റ് ലഭിക്കുന്നതുമായ 617 അനാഥാലയങ്ങൾ സംസ്ഥാനത്തുണ്ട്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വഴിയാണ് ഗ്രാന്റ് വിതരണം ചെയ്യുന്നത്. സന്നദ്ധ സംഘടനകളാണ് അനാഥാലയങ്ങൾ നടത്തുന്നത്.

(സി) ഉണ്ട്. കരിൻ ചൈൽഡ് കെയർ സെന്റർ, കോട്ടയം.

വനിതാ കമ്മീഷന്റെ പ്രവർത്തനം

26 [2895] ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ:
ശ്രീ. എം. വി. ജയരാജൻ:
,, എ. കെ. ബാലൻ:
ശ്രീമതി ഗിരിജാ സുരേന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനിതാ കമ്മീഷൻ പ്രവർത്തനം ഫലപ്രദമാണോ; അല്ലെങ്കിൽ കാരണങ്ങൾ സർക്കാർ പരിശോധിച്ചിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) നിലവിലുള്ള കമ്മീഷന്റെ പ്രവർത്തനം തൃപ്തികരമല്ലെങ്കിൽ അതിനെ പുനഃസംഘടിപ്പിക്കുന്നതിനെക്കുറിച്ച് സർക്കാർ ആലോചിച്ചിട്ടുണ്ടോ;

(സി) യു.ഡി.എഫ്. സർക്കാരിന്റെ കാലത്ത് സ്ത്രീകൾക്കെതിരെ സംസ്ഥാനത്ത് നടന്ന അതിക്രമങ്ങളിൽ എത്ര എണ്ണം സംബന്ധിച്ച് വനിതാ കമ്മീഷൻ അന്വേഷണം നടത്തി സർക്കാരിലേയ്ക്ക് ശുപാർശ ചെയ്യുകയുണ്ടായി;

(ഡി) ശുപാർശ ചെയ്ത വിവിധ ഇനത്തിൽപ്പെട്ട കേസുകളെ സംബന്ധിച്ച വിശദാംശം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഫലപ്രദമാണ്.

(ബി) ബാധകമല്ല.

(സി, ഡി) യു.ഡി.എഫ്. സർക്കാരിന്റെ കാലത്ത് സ്ത്രീകൾക്കെതിരെ നടന്ന 11 അതിക്രമങ്ങളെ സംബന്ധിച്ച് വനിതാ കമ്മീഷൻ അന്വേഷണം നടത്തി സർക്കാരിന് ശുപാർശ നൽകിയിട്ടുണ്ട്. സ്ത്രീ പീഡനം സംബന്ധിച്ച് സർക്കാർ ഉദ്യോഗസ്ഥർ പ്രതികളായ 4 കേസ്സുകളിൻമേൽ കമ്മീഷൻ അന്വേഷണം നടത്തി കുറ്റക്കാരാണെന്നു കണ്ടെത്തുകയും സർക്കാരിലേയ്ക്ക് നടപടിക്ക് ശുപാർശ ചെയ്യുകയും കുറ്റക്കാരാണെന്ന് കണ്ടെത്തിയതിന്റെ ഫലമായി ഇവരെ സർവ്വീസിൽനിന്നും സസ്പെൻഡ് ചെയ്യുകയും ഉണ്ടായി. ബാക്കിയുള്ള 7 കേസ്സുകളിലെ 2 എണ്ണത്തിൽ നടപടികൾ എടുക്കുകയും ബാക്കിയുള്ളവ ബന്ധപ്പെട്ട വകുപ്പുകളുടെ പരിശോധനയിലുമാണ്.

വനിതാ വികസന കോർപ്പറേഷൻ മുഖേന നൽകുന്ന വായ്പകൾ

27 [2896] ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനിതാ വികസന കോർപ്പറേഷൻ മുഖേന സർക്കാരേതര സംഘടനകൾക്ക് എന്തെല്ലാം ആവശ്യങ്ങൾക്കാണ് വായ്പ നൽകുന്നതെന്നും ഇത്തരം വായ്പകളുടെ പരമാവധി പരിധി എത്രയാണെന്നും വ്യക്തമാക്കുമോ;

(ബി) 2001 മേയ് മാസം മുതൽ നാളിതുവരെ ഇത്തരം സംഘടനകൾക്ക് ആകെ എത്ര തുക വായ്പയായി നൽകിയിട്ടുണ്ടെന്നും ഏതെല്ലാം സംഘടനകൾക്ക് എന്തെല്ലാം ആവശ്യങ്ങൾക്ക് എത്ര വീതം തുകയാണ് വായ്പയായി നൽകിയതെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) സംസ്ഥാന വനിതാ വികസന കോർപ്പറേഷന്റെ ആഭിമുഖ്യത്തിൽ സർക്കാരേതര സംഘടനകൾവഴി വനിതാ സ്വയംസഹായ സംഘങ്ങൾക്കും, വനിതാ സമാജങ്ങൾക്കും ചെറുകിട വരുമാനദായക സംരംഭങ്ങൾ തുടങ്ങുന്നതിനും വേണ്ടിയാണ് വായ്പകൾ അനുവദിക്കുന്നത്. അതാതു പദ്ധതികളെ ആശ്രയിച്ചാണ് വായ്പത്തുകയുടെ പരിധി നിശ്ചയിക്കുന്നത്.

(ബി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly